**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1798** **02-02-2024 - ൽ മറുപടിയ്ക്ക്**

**പുതുതായി സ്ഥാപിച്ച സർവ്വകലാശാലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2016 മുതൽ 2023 വരെയുള്ള കാലയളവിൽ പുതുതായി സ്ഥാപിച്ച സർവ്വകലാശാലകൾ ഏതെല്ലാമാണെന്നും അവയുടെ പ്രാരംഭ പ്രവർത്തന പുരോഗതിയും വിശദമാക്കാമോ; | (എ) | 2016 മുതൽ 2023 വരെയുള്ള കാലയളവിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിൽ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല ആരംഭിച്ചിട്ടുണ്ട്. ശ്രീനാരായണ ഗുരുഓപ്പൺ യൂണിവേഴ്സിറ്റിക്ക് യു.ജി.സി. ആക്ടിലെ സെക്ഷൻ 2(f) പ്രകാരം ഓപ്പൺ ഡിസ്റ്റൻസ് ലേർണിംഗിലൂടെ (ODL) പ്രവർത്തിക്കാനുള്ള അനുമതി UGC ലഭ്യമാക്കിയിട്ടുണ്ട്.<br><br>കോഴ്സുകൾക്ക് ആവശ്യമായ SLM (Self Learning Materials) തയ്യാറാക്കിയിട്ടുണ്ട്. 46 അധ്യാപകരെ നാല് സ്കൂളുകളിലായി നിയമിച്ച് അക്കാദമിക് വിഭാഗം പ്രവർത്തനം തുടങ്ങി. School of Languages, School of Humanities and Social Science, School of Law and Business Studies, School of Communication and Information Science എന്നീ പഠനവകുപ്പുകളിൽ മേധാവികളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാലു പ്രാദേശിക കേന്ദ്രങ്ങളിലേക്കും ഡയറക്ടർമാരെ സർക്കാർ നിയമിച്ചു. സംസ്ഥാനത്തുടനീളം അൻപതോളം ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സർവ്വകലാശാലയിൽ 118 അദ്ധ്യാപ-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിലെ ഏതെല്ലാം കോഴ്സുകൾക്ക് നിലവിൽ യു.ജി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത കോഴ്സുകളുടെ നടത്തിപ്പും വിവരിക്കാമോ; | (ബി) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ വിദൂര വിദ്യാഭ്യാസ രീതിയിൽ നടത്തുന്നതിന് യു.ജി.സിയിൽ നിന്നും അംഗീകാരം ലഭിച്ച കോഴ്സുകളുടെ വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ഏതെല്ലാം സർവ്വകലാശാലകൾക്ക് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ലഭിച്ച |

| | | | |
|---|---|---|---|
| | എന്തെല്ലാം അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | | അംഗീകാരങ്ങളുടെ വിശദവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | സംസ്ഥാനത്തെ സർവ്വകലാശാലകളിലും ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമായി ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇതര രാജ്യങ്ങളിൽ നിന്നും എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്ന് അറിയിക്കാമോ? | (ഡി) | മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പ്രവേശനം നേടിയ ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ളവർ 2021-22 അധ്യയന വർഷം - 163, 2022-23 അധ്യയന വർഷം- 249, 2023-24 അധ്യയന വർഷം- 252.<br><br>കാലിക്കറ്റ് സർവ്വകലാശാലയിൽ പ്രവേശനം നേടിയ ഇതര സംസ്ഥാനത്തെ വിദ്യാർത്ഥികൾ 2022-23 അധ്യയന വർഷം - 78 പേർ, 2023- 24 അധ്യയന വർഷം 60 പേർ.<br><br>കണ്ണൂർ സർവ്വകലാശാലയിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും ആകെ 222 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും 15 വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്.<br><br>ന്യുവാൽസിൽ ഇതര സംസ്ഥാനങ്ങലിൽ നിന്നും 124 വിദ്യാർത്ഥികകൾ പഠിക്കുന്നുണ്ട്.<br><br>സംസ്ഥാനത്ത് ഇതര രാജ്യങ്ങളിൽ നിന്നും ആകെ 371 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം I</u>

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിലെ ആരംഭിക്കുന്നതിനായി യുജി.സി യുടെ അംഗീകാരം ലഭിച്ച കോഴ്സുകളുടെ വിശദാംശങ്ങൾ താഴെ നൽകിയിരിക്കുന്നു.

| ബിരുദം | ബിരുദാനന്തരം |
|---|---|
| 1 ബി.കോം | 1 എം.കോം |
| 2 ബി.ബി.എ | 2 എം.എ അറബിക്ക് |
| 3 ബി.സി.എ | 3 എം.എ മലയാളം |
| 4 ബി.എ അഫ്സൽ ഉൽ ഉലമ | 4 എം.എ ഇംഗ്ലീഷ് |
| 5 ബി.എ അറബിക്ക് | 5 എം.എ ഹിന്ദി |
| 6 ബി.എ മലയാളം | 6 എം.എ സംസ്കൃതം |
| 7 ബി.എ സംസ്കൃതം | 7 എം.എ ഹിസ്റ്ററി |
| 8 ബി.എ ഹിന്ദി | 8 എം.എ സോഷ്യോളജി |
| 9 ബി.എ ഇംഗ്ലീഷ് | 9 എം.എ ഇക്കണോമിക്സ് |
| 10 ബി.എ ഇക്കണോമിക്സ് | 10 എം.എ ഫിലോസഫി |
| 11 ബി.എ ഹിസ്റ്ററി | 11 എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ, |
| 12 ബി.എ സോഷ്യോളജി | 12 എം.എ പൊളിറ്റിക്കൽ സയൻസ് |
| 13 ബി.എ ഫിലോസഫി | |
| 14 ബി.എ പൊളിറ്റിക്കൽ സയൻസ് | |
| 15 ബി.എ സൈക്കോളജി | |
| 16 ബി.എ നാനോ എന്റർപ്രെണർഷിപ്പ് | |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം II

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അംഗീകാരങ്ങളുടെ വിശദവിവരം താഴെ ചേർത്തിരിക്കുന്നു.

കേരള സർവ്വകലാശാല

കേരള സർവകലാശാലക്ക് NIRF റാങ്കിംഗിൽ സർവകലാശാലകളുടെ വിഭാഗത്തിൽ 2021 മുതൽ 2023 വരെ യഥാക്രമം 27, 40, 24 സ്ഥാനങ്ങൾ നേടാനായി. കൂടാതെ 2022 ൽ 3.67 ഗ്രേഡ് പോയിൻറുകളോടെ നാക് റീ അക്രെഡിറ്റേഷനിൽ A++ ഗ്രേഡും ലഭിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാല

### THE World University Ranking

| Sl No | Year | Rank |
|---|---|---|
| 1 | 2021 | Ranked 501–600 in Life Sciences<br>Ranked 601–800 in Physical Sciences |
| 2 | 2022 | 15th Rank among Indian Universities<br>702th Rank in the world |
| 3 | 2023 | 4$^{th}$ among Indian Universities<br>401-600 Rank in the world |
| 4 | 2024 | 2$^{nd}$ among Indian Universities<br>501-600 Rank in the world |

### The Young University Ranking

| Sl No | Year | Rank |
|---|---|---|
| 1 | 2021 | 142 |
| 2 | 2022 | 146 |
| 3 | 2023 | 77 |

### Times Impact Ranking

| Sl No | Year | Rank |
|---|---|---|
| 1 | 2021 | Between 401 and 600 |
| 2 | 2022 | Between 601 and 800 |
| 3 | 2023 | Between 401 and 500 |

**Times Emerging Economies University Ranking**

| Sl No | Year | Rank |
|---|---|---|
| 1 | 2021 | 141 |
| 2 | 2022 | 101 |

**THE Asia University Ranking**

| Sl No | Year | Rank |
|---|---|---|
| 1 | 2021 | 154 |
| 2 | 2022 | 139 |
| 3 | 2023 | 95 |

**NIRF**

| Sl No | Year | Rank |
|---|---|---|
| 5 | 2021 | University Level -31<br>Overall -52 |
| 6 | 2022 | University Level -30<br>Overall -51 |
| 7 | 2023 | University Level - 31<br>Overall - 52 |

<u>കാലിക്കറ്റ് സർവ്വകലാശാല</u>

2022– നാക് അക്രഡിറ്റേഷനിൽ 3.45 എന്ന ഉയർന്ന സി.ജി.പി.എ സ്കോറോട്ട കൂടി A+ നേടിയിട്ടുണ്ട്

NIRF Rankings

| Year | University Category | Overall Category |
|---|---|---|
| 2023 | 70th Position | 101-150 |
| 2022 | 69th Position | 101 st position |
| 2021 | 60th Position | 95th position |

QS Ranking

| Year | Asia University Rank | South Asia Rank | India Rank |
|---|---|---|---|
| 2024 | 401-450 | 106 | 61 |

| | | |
|---|---|---|
| 2023 | 401-450 | 92 |
| 2022 | 401-450 | |
| 2021 | 401-450 | |

കണ്ണൂർ സർവ്വകലാശാല

2022,2023 വർഷങ്ങളിലെ NIRF റാങ്കിങ്ങിൽ 151-200 Rank Band നുള്ളിൽ ഇടം പിടിച്ചു. 2021 ലെ ARIIA റാങ്കിങ്ങിൽ Band Performer ആയി. Times Higher Education ന്റെ Global Impact Ranking 2023 ൽ 1001+Rank Band നുള്ളിൽ ഇടം പിടിച്ചു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

1. 2023 ലെ NIRF RANKING ൽ സർവ്വകലാശാലകളുടെ റാങ്ക് പട്ടികയിൽ മുപ്പത്തിയേഴാമത് സ്ഥാനം ലഭിച്ചു.
2. 2024 ലെ QS WORLD UNIVERSITY SUSTAINABILITY RANKING ൽ സർവ്വകലാശാലയുടെ സ്ഥാനം താഴെ പറയുന്ന പ്രകാരമാണ്

- ലോക സർവ്വകലാശാലകളുടെ പട്ടികയിൽ കൊച്ചി സർവ്വകലാശാലയുടെ റാങ്ക്--921 - 940
    - ഏഷ്യയിലെ റാങ്ക് 262
    - ഇന്ത്യയിലെ റാങ്ക് -29
    - കേരളത്തിലെ റാങ്ക് -1.

3. THE WORLD RANKING 2023 ലെ റാങ്ക് 1201 - 1500 നും മദ്ധ്യേയാണ്.
4. THE ASIA UNIVERSITY RANKING 2023 റാങ്ക് 351 - 400 നും മദ്ധ്യേയാണ്
5. INDIA TODAY UNIVERSITY RANKING 2023 റാങ്ക് 11 ആണ്.
6. THE WEEK BEST UNIVERSITY RANKING 2023 റാങ്ക് 24 ആണ്.
7. കൊച്ചി സർവ്വകലാശാലയ്ക്ക് NAAC ACCREDITATION ൽ എ പ്ലസ് ഗ്രേഡ് ലഭിച്ചു.
8. കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് നൽകുന്ന സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി അവാർഡ് കൊച്ചി സർവ്വകലാശാലയ്ക്ക് 2023 ൽ ലഭിച്ചു.
9. കൊച്ചി സർവ്വകലാശാലയ്ക്ക് കീഴിലുള്ള സ്കൂൾ ഓഫ് എഞ്ചിനിയറിംഗ് ലെ എല്ലാ ബി ടെക്ക് പ്രോഗ്രാമുകൾക്കും NBA ACCREDITATION ലഭച്ചു.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

2021-22 അധ്യയനവർഷത്തിൽ NAAC റീ അക്രഡിറ്റേഷനിൽ A+ ഗ്രേഡ് ലഭിച്ചിട്ടുണ്ട്. 2021 ലെ NIRF റാങ്കിംഗിൽ 151-200 റാങ്ക് ബാന്റിൽ ഉൾപ്പെട്ടുകയും ചെയ്തിരുന്നു.

National University of Advanced Legal Studies (NUALS)

Top Law Colleges in India - NIRF Rankings 2021 ൽ നുവാൽസിനു 26 ആം റാങ്ക് ഉണ്ട്.

സെക്ഷൻ ഓഫീസർ